02/DGE /HSE /NSS /2022

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
നാഷണൽ സർവ്വീസ് സ്കീം,
(ഹയർ സെക്കൻററി വിഭാഗം),
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം.
04712323023
dhsensskerala@gmail.com

തീയതി : 15 / 01 / 2022

# സർക്കുലർ

വിഷയം : ഹയർ സെക്കന്ററി നാഷണൽ സർവ്വീസ് സ്കീം ഒന്നാം വർഷ വോളന്റീയർമാരുടെ എൻറോൾമെൻറ് പൂർത്തീകരിക്കുന്നത് സംബന്ധിച്ച്

സൂചന : സ്റ്റേറ്റ് എൻ.എസ്.എസ്. ഓഫീസറുടെ കത്ത് നം: A2/25/2022/ എൻ.എസ്.എസ് തീയതി 13/01/2022

ഹയർസെക്കന്ററി ഏകജാലക പ്രവേശന നടപടിക്രമങ്ങളുടെ ഭാഗമായി, ചില ഹയർ സെക്കന്ററി നാഷണൽ സർവീസ് സ്കീം യൂണിറ്റുകളിൽ വോളന്റീയർമാരായി എൻറോൾ ചെയ്ത വിദ്യാർത്ഥികൾ, മറ്റ് വിദ്യാലയങ്ങളിലേക്ക് മാറിയിട്ടുണ്ട്. ഇത്തരത്തിൽ, ഉണ്ടായിട്ടുള്ള ഒഴിവുകളിലേക്ക് പുതിയ വോളന്റീയർമാരെ തെരെഞ്ഞെടുക്കാവുന്നതാണ്.

<u>നിബന്ധനകൾ :</u>

1. വോളന്റിയർ എൻറോൾമെന്റുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള നിബന്ധനകളും, നിർദ്ദേശങ്ങളും പ്രോഗ്രാം ഓഫീസർ കൃത്യമായി പാലിക്കേണ്ടതും PAC അംഗങ്ങളും ജില്ലാ കൺവീനർമാരും അത് ഉറപ്പ് വരുത്തേണ്ടതുമാണ്

2. എൻറോൾ ചെയ്യുന്ന വോളന്റിയർമാരുടെ എണ്ണം 50ൽ കൂടാൻ പാടില്ല

3. ഒരു യൂണിറ്റിൽ, വോളന്റിയറായി തെരെഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥിയ്ക്ക്, സ്കൂൾ ട്രാൻസ്ഫർ വഴി എത്തുന്ന പുതിയ യൂണിറ്റിൽ പ്രത്യേക പരിഗണനകൾ ലഭിയ്ക്കുന്നതല്ല.

4. വോളന്റിയർമാരുടെ ഒഴിവുകളുണ്ടായ യൂണിറ്റുകൾ മേൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് എൻറോൾമെന്റ് പൂർത്തിയാക്കി അനുബന്ധ രേഖകൾ 22 - 01 - 2022 ശനിയാഴ്ച ജില്ലാ കൺവീനറെ ഏൽപ്പിക്കുകയും, ജില്ലാ കൺവീനർ, എൻറോൾമെന്റ് ലിസ്റ്റ് ക്രോഡീകരിച്ച് നിശ്ചിത ഫോറങ്ങളിൽ 24.01.2022 തിങ്കളാഴ്ച സംസ്ഥാന സെല്ലിന് കൈമാറുകയും ചെയ്യേണ്ടതാണ്.

ഡോ. ജേക്കബ് ജോൺ
പ്രോഗ്രാം കോ - ഓർഡിനേറ്റർ